(ബി) പ്രസ്തുത മാറ്റങ്ങളെപ്പറ്റി സംസ്ഥാനത്തെ അറിയിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത മാറ്റങ്ങൾ സംസ്ഥാനത്തെ സഹകരണ പ്രസ്ഥാനത്തെയും സഹകരണ സ്ഥാപനങ്ങളെയും ഏതെല്ലാം വിധത്തിൽ ബാധിക്കുമെന്ന് വിശദമാക്കാമോ?

സഹകരണവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വി. രാഘവൻ):

(എ) സംസ്ഥാന സർക്കാർ, സഹകരണ വകുപ്പ്, നബാർഡ്, റിസർവ് ബാങ്ക് തുടങ്ങിയ വിവിധ അധികാരസ്ഥാനങ്ങളുടെ ഇരട്ട നിയന്ത്രണത്തിന് വിധേയമായിട്ടുള്ള സഹകരണ ബാങ്കുകളെ റിസർവ് ബാങ്കിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ പൂർണ്ണമായി കൊണ്ടുവരിക എന്നതാണ് ഭേദഗതി ബില്ലിലൂടെ കേന്ദ്ര ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. പ്രാഥമിക സർവ്വീസ് സഹകരണ ബാങ്കുകൾ മുതൽ സംസ്ഥാന സഹകരണ ബാങ്കിന്റെ വരെ ദൈനംദിന ഭരണത്തിലും വായ്പാ മേഖലയിലും വരെ ഇടപെടാൻ ഈ ഭേദഗതി നിയമം റിസർവ് ബാങ്കിന് അധികാരം നൽകും.

(ബി) ഉണ്ട്.

(സി) ബാങ്കിംഗ് മേഖലയിൽ പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങളിൽ സംസ്ഥാന സർക്കാരിന്റെ നിയന്ത്രണാധികാരം പരിമിതപ്പെടും. ചെയർമാൻ, ഡയറക്ടർമാർ എന്നിവരുടെ യോഗ്യത നിശ്ചയിക്കൽ, ഡയറക്ടർമാരെ പിരിച്ചുവിട്ട് സംഘത്തിന്റെ ഭരണം ഏറ്റെടുക്കൽ തുടങ്ങി സംസ്ഥാന സഹകരണ നിയമത്തിന്റെ പരിധിയിൽ വരുന്ന എല്ലാ കാര്യങ്ങളിലും ഉള്ള അധികാരം റിസർവ്വ് ബാങ്കിന് ടി നിയമ ഭേദഗതിമൂലം ലഭ്യമാകുന്നു. റിസർവ്വ് ബാങ്കിന്റെ ലൈസൻസ് ഇല്ലാത്ത സഹകരണ സ്ഥാപനങ്ങൾക്ക് ബാങ്ക്, ബാങ്കർ, ബാങ്കിംഗ് എന്നീ പദങ്ങൾ ബിസിനസ്സിന്റെ ഭാഗമായി ഉപയോഗിക്കാൻ കഴിയാതെയാകും. ചിട്ടി ഇടപാടുകൾ മറ്റ് ക്രയവിക്രയങ്ങൾ എന്നിവ നിറുത്തലാക്കേണ്ടിവരും. സഹകരണ സ്ഥാപനങ്ങളുടെ ഓഡിറ്റ് റിസർവ്വ് ബാങ്ക് നിർദ്ദേശിക്കുന്ന വിധത്തിൽ നടത്തേണ്ടതായി വരും.

സഹകരണ സംഘങ്ങളിലെ ഡെപ്പോസിറ്റ് മൊബിലൈസേഷൻ

12 [*261] ശ്രീ. പിരപ്പൻകോട് മുരളി:
,, കെ. പി. സതീശ്ചന്ദ്രൻ:
,, എം. വി. ഗോവിന്ദൻ മാസ്റ്റർ:
,, വി. കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സഹകരണ വായ്പാ സംഘങ്ങൾ ഈ വർഷം ഡെപ്പോസിറ്റ് മൊബിലൈസേഷൻ നടത്താൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഡെപ്പോസിറ്റ് മൊബിലൈസേഷന്റെ കാലയളവും ലക്ഷ്യവും വിശദമാക്കാമോ;

(സി) ഡെപ്പോസിറ്റ് മൊബിലൈസേഷൻ കാലയളവിൽ സംഘങ്ങളുടെ വായ്പാ കുടിശ്ശിക അടയ്ക്കുന്നതിന് പ്രത്യേക ആനുകൂല്യങ്ങൾ പ്രഖ്യാപിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഡെപ്പോസിറ്റ് മൊബിലൈസേഷനിലൂടെ സമാഹരിക്കുന്ന തുക ഏതെല്ലാം മേഖലകളിൽ വിനിയോഗിക്കാൻ ഉദ്ദേശിക്കുന്നു എന്ന് വെളിപ്പെടുത്തുമോ?

സഹകരണവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വി. രാഘവൻ):

(എ) ഉണ്ട്.

(ബി) 26-ാമത് സഹകരണ നിക്ഷേപ സമാഹകരണ യജ്ഞം 2005 മാർച്ച് മാസം 1-ാം തീയതി മുതൽ 31-ാം തീയതി വരെ നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്.

സംസ്ഥാനത്തെ സഹകരണ വായ്പാ സംഘങ്ങൾ മുഖേന 400 കോടി (നാനൂറ് കോടി) രൂപയുടെ അധിക നിക്ഷേപം സമാഹരിക്കുവാനാണ് ലക്ഷ്യമിട്ടിമിക്കുന്നത്.

(സി) സംസ്ഥാനത്തെ സഹകരണ വായ്പാ സംഘങ്ങളിൽ നടപ്പിലാക്കിവരുന്ന ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയുടെ കാലാവധി 31-3-2005 വരെ ദീർഘിപ്പിച്ച് ഉത്തരവായിട്ടുള്ള സാഹചര്യത്തിൽ ഡെപ്പോസിറ്റ് മൊബിലൈസേഷൻ കാലയളവിൽ സംഘങ്ങളുടെ വായ്പാ കുടിശ്ശിക അടയ്ക്കുന്നതിന് പ്രത്യേക ആനുകൂല്യങ്ങൾ പ്രഖ്യാപിക്കാൻ ഇപ്പോൾ തീരുമാനിച്ചിട്ടില്ല.

(ഡി) സഹകരണ മേഖലയിലൂടെ സ്വരൂപിക്കുന്ന നിക്ഷേപങ്ങളിൽ നിയമാനുസൃതം സൂക്ഷിക്കേണ്ട കരുതൽ (തരളധനം) കഴിച്ചുള്ള തുക മിതമായ പലിശ നിരക്കിലും സംഘങ്ങൾക്കും സാധാരണ ജനങ്ങൾക്കും വിവിധ ഇനം വായ്പകൾ നൽകുന്നതിനാണ് പ്രധാനമായും വിനിയോഗിക്കുന്നത്.

സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിൽനിന്ന് വിദ്യാർത്ഥികളെ പുറത്താക്കിയ നടപടി

13 [*262] ശ്രീ. മാങ്കോട് രാധാകൃഷ്ണൻ:

,, കെ. പി. രാജേന്ദ്രൻ:

,, പി. എസ്. സുപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2003-04 വർഷത്തിൽ സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിൽ മെരിറ്റ് സീറ്റിൽ പ്രവേശനം ലഭിച്ച വിദ്യാർത്ഥികളെ കോളേജുകളിൽനിന്നും പുറത്താക്കിയിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ കാരണം എന്താണെന്ന് വ്യക്തമാക്കാമോ; ഇത് സംബന്ധിച്ച് സർക്കാരിന് ലഭിച്ചിട്ടുള്ള പരാതികളിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ):

(എ) ഇത് സംബന്ധിച്ച പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) 2003-04 വർഷത്തിൽ സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിൽ മെരിറ്റ് സീറ്റിൽ അഡ്മിഷൻ ലഭിച്ച വിദ്യാർത്ഥികളിൽനിന്ന് സർക്കാർ കോളേജുകളിൽ നിലവിലുള്ള ഫീസ് മാത്രമേ ഈടാക്കാവൂ എന്ന് നിർദ്ദേശിച്ചുകൊണ്ട് സർക്കാർ

LIBRARY ARCHIVES Kerala Legislative Assembly